## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3977

19.03.2018 ൽ
മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ ലാൻഡ് ട്രിബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ | ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ലാൻഡ് ട്രിബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിൽ, ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ, കാസർഗോഡ് ഓഫീസിൽ 1464 കേസുകളും, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) & ലാന്റ് ട്രൈബ്യൂണൽ (ദേവസ്വം), കളക്ടറേറ്റ് കാസർഗോഡ് ഓഫീസിൽ 211 കേസുകളും വിചാരണയുടെ വിവിധ ഘട്ടങ്ങളിലായി നിലവിലുണ്ട്. |
| (ബി) മുന്നാട് വില്ലേജിൽ R.S.No.715/IA യിൽപ്പെട്ട സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് S.M.No.147/05 ആയി 2008 ൽ നോട്ടീസ് നൽകിയ കേസ്സുകളിൽ ഇതുവരെ തീർപ്പ് കൽപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) കാസർഗോഡ് ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ, കോടതിയിലെ എസ്.എം.147/2005 കേസ് കരിന്തളം വില്ലേജുമായി ബന്ധപ്പെട്ടതാണ്. ആയതിൽ ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) എസ്.ടി. വിഭാഗത്തിൽപ്പെട്ട ഇവർക്ക് പട്ടയം ലഭിക്കാത്തത് മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് നടപടികൾ പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) ലാന്റ് ട്രൈബ്യൂണൽ കേസുകളിൽ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം കുടിയാനും ജന്മി/ദേവസ്വത്തിനും നോട്ടീസയച്ച് ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വിചാരണ പൂർത്തിയാക്കി അർഹതയുള്ള കേസുകളിൽ എത്രയും പെട്ടെന്ന് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകി അതിനായി തുടർ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ